വാല്യം 2 ലക്കം 3 എടവം 1172

# താളിയോല

ജപ്പാൻ മലയാളികളുടെ പ്രസിദ്ധീകരണം



ഉപരാഷ്ട്രപതി കെ. ആർ. നാരായണനെ രാഷ്ട്രപതി സ്ഥാനത്തേയ്ക്കുള്ള പൊതു സ്ഥാനാർഥിയായി നിർദ്ദേശിക്കാൻ ഐക്യമുന്നണിയും കോൺഗ്രസും ഐക്യകണ്ഠേന തീരുമാനിച്ചിരിക്കുന്നു. ബി. ജെ. പിയും നാരായണനെ പിന്തുണയ്ക്കുമെന്ന് അറിയുന്നു.

താളുകളിലൂടെ.....

❃ മുഖവുര ❃ നാട്ടുവിശേഷം ❃ അമ്മൂമ്മയും വേട്ടക്കാരനും ❃
❃ ഒരു മുത്തശ്ശികഥ ❃ വളപ്പൊട്ട് ❃
❃ പരിണാമം ❃ അമ്പലക്കുളം ❃
❃ വയലാ വാസുദേവൻ പിള്ള ❃

# മുഖവുര

"കോരേക്കാ ഷക്കായ്" (വൃദ്ധസമൂഹം) ദിവസം പത്തു തവണയെങ്കിലും ഇവിടെ കേൾക്കുന്ന വാക്കാണ്. 'ഉദയ സൂര്യന്റെ നാട്ടിൽ പോക്കുവെയിൽ' എന്നും മറ്റും തലക്കെട്ടെഴുതി പത്രക്കാർക്ക് ആഘോഷിക്കാനും വയസ്സു കാലത്ത് തങ്ങളെ കാത്തിരിക്കുന്ന പകപ്പാടു കാണിച്ച് നാട്ടുകാരെ പേടിപ്പിച്ചു നിർത്താനും ഇന്നിതൊരു നല്ല വഴിയാണ്.

തണ്ടും തടിയുമുള്ള വാല്യക്കാരുടെ എണ്ണം കുറയുകയും പണിയെടുക്കാൻ വയ്യാത്തവരുടെ എണ്ണം കൂടുകയും ചെയ്യുന്നതാണ് സമൂഹത്തിന് വാർദ്ധക്യം ബാധിച്ചു എന്നു പറയുന്നതിന്റെ ചുരുക്കം. ആവുന്ന കാലത്ത് എല്ലുമുറിയെ നയിച്ച് ഒടുവിൽ വയ്യാതായാൽ പുരയിലൊരിടത്ത് വെയിലും തീയും കാഞ്ഞ് നേരാനേരം കഞ്ഞിയും വെള്ളവും കുഴമ്പും, പഴകഥ മൂളികേൾക്കാൻ കുട്ടികളുമായി ചടഞ്ഞു കൂടാൻ മോഹിക്കാത്തവരുണ്ടോ? ഇതിനി അധികം തരമാവില്ല എന്നാണ് ഇന്നത്തെ പേടിയും. ആയകാലത്ത് മെയ്യനങ്ങിയതിനു പകരം പിന്നീട് സൗജന്യമായി തിന്നും കുടിച്ചും പേടികൂടാതെയും കഴിയാവുന്നത് മനുഷ്യനു മാത്രമുള്ള ഒരു ഏർപ്പാടാണ്. കയ്യിനും കാലിനും ഊക്കും, കണ്ണിനും പല്ലിനും മൂർച്ചയും കുറഞ്ഞാൽ, മറ്റു മൃഗങ്ങൾക്കെല്ലാം ഭക്ഷണവും ആത്മരക്ഷയും ആഡംബരമാണ്. വയസ്സായാൽ, പട്ടിണിക്കും കൈയൂക്കു കൂടിയവന്റെ കൈക്രിയക്കും മുമ്പിൽ ഏതു കൊലകൊമ്പനും രക്ഷയില്ല. മനുഷ്യനാകട്ടെ, അവനവൻ വിയർത്തുണ്ടാക്കിയതിന്റെ പങ്ക് ചിറകു മുളക്കാത്തവർക്കു കടം കൊടുത്തും ഒരു പങ്ക് ചിറകു കൊഴിഞ്ഞവർക്കു കടംവീട്ടിയും സ്വന്തം നിയമം സൃഷ്ടിച്ച് കഴിഞ്ഞു കൂടുന്നു. ഇതാണല്ലോ സംസ്കാരമെന്നു പറയുന്നത്.

മുമ്പൊക്കെ പെണ്ണുങ്ങൾക്ക് പുളികുടിയും പേറും കൊല്ലാകൊല്ലം പറഞ്ഞിട്ടുള്ളതാണ്. "തണ്ടും തടിയുമുള്ള നൂറു മക്കളുണ്ടാവട്ടെ" എന്നത് കല്യാണത്തിന്റെ സ്റ്റാൻഡേർഡ് ആശംസാവാചകമായിരുന്നു. ഇന്നത് സർക്കാറിന്റെയും മറ്റും പണിയുടെ ഫലമായി രണ്ടും ഒന്നരയുമായി ചുരുങ്ങിയിരിക്കുന്നു. (ഗ്രഹണിയും കരപ്പനും പിടിച്ച പത്തുകോലങ്ങൾക്കരികിൽ പാലും മുട്ടയും കോംപ്ലാനും കുടിച്ച് കൊഴുത്തുരുണ്ട ഉണ്ണാമനെക്കാണിച്ചുള്ള പരസ്യം ശരിക്കോർക്കുന്നുണ്ട്.) അതുപോലെതന്നെ ഷഷ്ടിപൂർത്തിയ്ക്ക് വയസ്സോളം അരിയും വെച്ച് നാടടക്കം ചോറും കൊടുത്തുകഴിഞ്ഞാൽ പിന്നെ നാമവും ജപിച്ച് മുകളിലേക്ക് വിളിക്കുന്നത് കാത്തിരിക്കുക മാത്രമായിരുന്നു. എന്നാൽ ഇന്ന്, എൺപത് കഴിഞ്ഞ മുത്തശ്ശി അരിയും സാമാനവും നിറച്ച വണ്ടിയും ഉന്തി ചന്തയിൽ നിന്നു വരുന്നു. വയസ്സിന്റെ ലക്ഷണമായിരുന്ന വാതവും ഏക്കവും കൂനലും എവിടെയെങ്കിലും കാണാറുണ്ടോ? പോഷകക്കഞ്ഞിയും എയറോബിക്സുമായി 'വാർദ്ധക്യ സഹജം' എന്ന പ്രയോഗവും അന്യം നിന്നു പോകാറായി.

പണ്ടൊക്കെ പെൻഷൻ പറ്റി വീട്ടിൽ തീ കാഞ്ഞിരിക്കുമ്പോഴും മുത്തശ്ശനും മുത്തശ്ശിക്കും പണിയൊട്ടും കുറവുണ്ടായിരുന്നില്ല. പഴമനസ്സിന്റെ പതവും ഇരുത്തവും വേണ്ടുന്ന നൂറു തരം പണിയുണ്ടായിരുന്നു. പാലുകാച്ചുമ്പോൾ ഉമിത്തീയിന്റെ പാകം നോക്കാനും കടുമാങ്ങ ഭരണി മുളഞ്ഞിട്ടു വായ്ക്കെട്ടാനും മുത്തശ്ശിമാരില്ലാത്ത കാര്യം ആലോചിക്കാനാകുമായിരുന്നോ. ഇന്നതെല്ലാം മാറി കപ്പുനൂടിലും ഫാസ്റ്റുഫുഡും ഒടുവിലതും പോയി 'സലദപാക്കും' കലോറി ബിസ്കറ്റു മായി കഴിയുന്നതാണല്ലോ നാട്ടുനടപ്പ്. അമ്പതു കൊല്ലം കൊണ്ട് അവനവനറിയാവുന്ന ദേഹണ്ഡമൊന്നും ആർക്കും വേണ്ടാതാകുന്നതോടെ മുത്തശ്ശിയുടെ സ്ഥാനവും പോകുന്നു. അതുപോലെ അത്താഴം കഴിഞ്ഞ് കുട്ടി കളുടെ നടുക്ക് പ്രേതത്തിന്റെയും ഉമ്പാച്ചി യുടെയും ആന, പൂച്ച, മുതലകളുടെയും കഥ, കൈയും കലാശവും കണ്ണും കാട്ടി നടിച്ചു കാട്ടുവാൻ മുത്തശ്ശിയില്ലാതെ പറ്റുമായിരുന്നോ? ഇന്ന് കാലും നാവുമുറക്കാത്ത കുട്ടിയെവരെ സ്കൂളിലാക്കുന്നതാണല്ലോ പതിവ്. കൂടെ ടി. വി. യും ഇൻറർനെറ്റു മായി ഭാഷപോലും മാറി വരുന്നു. ഇക്കാലത്തെ സ്കൂൾ പിള്ളേരുടെ ഭാഷയിലെ പല വാക്കുകളും പത്തിലൊമ്പതര മുത്തശ്ശിമാർക്കുമറിയില്ല എന്നു കടലാസിൽ

വായിച്ചു. അതുപോലെ പഴയ വാക്കുകൾ പിള്ളേർക്കും അറിയില്ലത്രെ. പോയിപോയി കുട്ടിക്കും മുത്തിക്കും ഒന്നിച്ചിരുന്ന് സംസാരിക്കാൻ ഭാഷപോലുമില്ലാതായി.

അറുപതുവരെ കമ്പനിയും കള്ളും ഗോൾഫുമായി കഴിഞ്ഞ് ഒരു ദിവസം, ഇനി മുതൽ പുരക്കകത്ത് അടച്ചിരിക്കണമെന്നറിയുമ്പോഴത്തെ ഞെട്ടലാണ് മുത്തശ്ശന്റെ പ്രശ്നം. ഇന്നലെ വരെ, കാണാറാകുമ്പോൾ പൊതിച്ചോറുമായി ഇറങ്ങിപ്പോയി, പാതിരാത്രിയിൽ പാതിബോധത്തിൽ ചൂട്ടും മിന്നിച്ച് കേറി വന്നിരുന്ന കെട്ടിയവൻ ഇന്നു മുതൽ ഉദയാസ്തമയം വീട്ടിൽ കുത്തിയിരിക്കുമെന്നത് മുത്തശ്ശിക്കും ദഹിക്കാത്ത സംഗതിയാണ്. അടുത്തൂൺ പറ്റി വന്ന് ഒരു കൊല്ലത്തിനകം കല്യാണം മുടിച്ച് ഒറ്റ തിരിയുന്നവരുടെ എണ്ണം കൂടിവരുന്നുണ്ടെന്നാണ് പറയുന്നത്.

വൃദ്ധ സമൂഹം എന്ന് മുറവിളികൂട്ടി ആവലാതിപ്പെടുകയാണ് സർക്കാരും നാട്ടുപ്രമാണിമാരും. കാരണവൻമാരെ കഞ്ഞിയും കുടിച്ച് ചുരുണ്ടു കിടക്കുന്ന സ്ഥലം മുടക്കികളാണെന്നതല്ലേ ഇതിന്റെ വ്യംഗ്യം? പണ്ട് വയസ്സായാൽ നരയാമാ മലയുടെ മുകളിൽ നടതള്ളിയിരുന്നതിൽ നിന്നും ഏറെ വ്യത്യാസമൊന്നും ഇതിനില്ല എന്നു പറയാം. കോൺക്രീറ്റു കാട്ടിലെ അടിച്ചേൽപ്പിക്കപ്പെട്ട വാനപ്രസ്ഥം എന്നും പറയാം. പഴമനസ്സിന്റെ ഇരുത്തവും പഴകണ്ണിന്റെ തെളിച്ചവും നാട്ടിനും വീട്ടിനും ഉപകാരപ്പെടുത്തേണ്ട കാലം വീണ്ടും വന്നിരിക്കുന്നു. അല്ലെങ്കിൽ മരുന്നും ശാപ്പാടുമായി നൂറു കൊല്ലംവരെ നീട്ടിയ ആയുസ്സ് ശിക്ഷയായി മാറും. പച്ചിലക്ക് വളമാവാതെ ചീയുന്ന പഴുത്തിലയുടെ ഗതി തന്നെയാണിത്.

ആപേക്ഷികമായ ഏകാന്തതയും അച്ചടക്കവുമാണ് പുരോഗതിക്ക് ഒഴിച്ചുകൂടാനാവാത്ത രണ്ട് ഉപാധികൾ.

- ഡോ. കേറൽ

തിരിഞ്ഞോടുമ്പോഴാണ് നിങ്ങൾ തടഞ്ഞു വീഴാൻ കൂടുതൽ സാധ്യത.

- കെ. സി. റോബിൻസൺ.

## അമ്മൂമ്മയും വേട്ടക്കാരനും

### ദ്രൗപദി നമ്പൂതിരി

(ത്സുകുമ്പയിലെ പരമേശ്വരൻ നമ്പൂതിരിയുടെ മകളാണ് ദ്രൗപദി. മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയാണ്.)

ഒരിടത്ത് ഒരു അമ്മൂമ്മയുണ്ടായിരുന്നു. അമ്മൂമ്മക്ക് കൂട്ടിന് അമ്മൂമ്മയുടെ കൊച്ചു മകനുണ്ടായിരുന്നു. അവർ വളരെ പാവപ്പെട്ടവരായിരുന്നു. കൃഷിചെയ്താണ് അവർ ജീവിച്ചിരുന്നത്. അവർ താമസിച്ചിരുന്നത് ഒരു കാടിന്റെ സമീപത്തായിരുന്നു.

ഒരു ദിവസം ഒരു വേട്ടക്കാരൻ അതു വഴി വന്നു. അമ്മൂമ്മ പറഞ്ഞു ഞങ്ങളുടെ കൂടെ താമസിച്ചുകൊള്ളൂ. വേട്ടക്കാരനു സന്തോഷമായി. അമ്മൂമ്മയും കൊച്ചു മകനും മധുരക്കിഴങ്ങു കൃഷിയായിരുന്നു. വേട്ടക്കാരനും അവരെ സഹായിച്ചു. രാത്രിയിൽ അത്താഴം കഴിഞ്ഞ് ക്ഷീണിതനായ വേട്ടക്കാരൻ അമ്മൂമ്മയോടു ചോദിക്കാതെ തന്നെ അവിടെ ഒരു മുണ്ടു വിരിച്ചിട്ടിരുന്ന പെട്ടിപ്പുറത്ത് കിടന്നു. ക്ഷീണംകൊണ്ട് കിടന്നപാടേ ഉറങ്ങിപ്പോയി. ഉറക്കത്തിൽ താഴെ എന്തെല്ലാമോ അനങ്ങുന്നതുപോലെ തോന്നിയെങ്കിലും അയാൾ കാര്യമാക്കിയില്ല.

നേരം വെളുത്തിട്ടും ഉണരാതിരുന്ന വേട്ടക്കാരനെ കൊച്ചുമകൻ തോണ്ടി വിളിച്ചു. നല്ല ഉറക്കമായിരുന്ന വേട്ടക്കാരൻ ചാടിയെഴുന്നേറ്റപ്പോൾ പെട്ടിപ്പുറത്തുനിന്നും വീണു. കൂട്ടത്തിൽ പെട്ടിയുടെ ഒരു പലകയും അടർന്നു താഴെ വീണു. അതാ! ആ പെട്ടിയിൽ നിന്നും പാമ്പുകൾ എല്ലായിടത്തേക്കും ഇഴയാൻ തുടങ്ങി. പേടിച്ചരണ്ട വേട്ടക്കാരൻ തന്റെ തോക്കെടുത്ത് പാമ്പുകളെ വെടിവെച്ചു. ശബ്ദം കേട്ട് അമ്മൂമ്മ ഓടിയെത്തി. താൻ ഓമനിച്ചു വളർത്തിയിരുന്ന പാമ്പിൻ കുഞ്ഞുങ്ങൾ ചത്തുകിടക്കുന്നതു കണ്ടപ്പോൾ അമ്മൂമ്മക്ക് സങ്കടവും ദേഷ്യവും താങ്ങാനായില്ല. അലറിക്കൊണ്ട് അമ്മൂമ്മ വേട്ടക്കാരനോട് പറഞ്ഞു. “നീ പോടാ നിന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല. നീ എന്റെ പാമ്പിനെ കൊന്നില്ലേ? നിനക്ക് വേട്ടയാടാൻ മാത്രമേ അറിയുള്ളു. അതുകൊണ്ട് നീ പൊയ്ക്കോളൂ.” അമ്മൂമ്മ അയാളെ ഇറക്കിവിട്ടു.

# വയലാ വാസുദേവൻ പിള്ള

## മുഖാമുഖം

പ്രസിദ്ധനായ നാടകകൃത്തും അധ്യാപകനും, ഗാന്ധിയനും സോഷ്യലിസ്റ്റുമൊക്കെയായ വയലാ വാസുദേവൻ പിള്ള. എഴുതിയതും എഴുതാത്തതുമായ നാടകങ്ങളെക്കുറിച്ചുള്ള വിവാദങ്ങളിലൂടെയും അറിയപ്പെടുന്ന വ്യക്തി. ഒരു ഫെലോഷിപ്പിൽ ഈയിടെ ജപ്പാനിലെത്തിയ അദ്ദേഹത്തെ പരിചയപ്പെട്ടപ്പോൾ 'ഇസ'ങ്ങളുടെ വേലിക്കെട്ടിലൊതുങ്ങാത്ത മനുഷ്യ സ്നേഹത്തിൻെറ നാളങ്ങളും ഒരു കുട്ടിയുടേതെന്നപോലത്തെ ഋജുവായ മനസ്സും കാണാൻ കഴിഞ്ഞു.

താ:ജപ്പാനിലെ ദൗത്യത്തെക്കുറിച്ചു പറയാമോ?

വ: ജപ്പാൻ ഫൗണ്ടേഷൻെറ ഒരു ഫെലോഷിപ്പിൽ മേയ്ജി യൂനിവേഴ്സിറ്റിയിൽ ആറു മാസത്തെ ഗവേഷണമാണ് ഇപ്പോഴത്തേത്. പ്രധാനമായും മൂന്നു വിഷയങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രോഗ്രാമിൻെറ ലക്ഷ്യം. ജപ്പാനിലെ പരമ്പരാഗത നാടക സമ്പ്രദായവും ആധുനിക നാടക രംഗവും തമ്മിലുള്ളബന്ധമാണ് ഒന്ന്. വളരെ പ്രക്ഷുബ്ധമായ ഒരു യുദ്ധചരിത്രമുള്ള രാജ്യമാണ് ജപ്പാൻ. അണുബോംബാക്രമണമേറ്റ ഏകരാജ്യവും ജപ്പാനാണ്. ഈ അനുഭവം കലാകാരൻമാരേയും അവരുടെ കൃതികളേയും എങ്ങനെ സ്വാധീനിച്ചിട്ടുണ്ട് എന്നതാണ് രണ്ടാമത്തേത്. മൂന്നാമതായി, ഇവിടത്തെ നാടകരംഗം പാശ്ചാത്യ നാടക സങ്കേതങ്ങളിൽനിന്ന് എത്രകണ്ട് വിമുക്തമാണ് എന്ന അന്വേഷണവും. ഇതു മൂന്നും ഞാൻ വളരെക്കാലമായി താല്പര്യപൂർവം പഠിച്ചുകൊണ്ടിരുന്ന വിഷയങ്ങളാണ്. പ്രൊഫ. ഹിസാതോയമദയുടെകീഴിലാണ് ഈ ഗവേഷണം.

താ:ഈ ഗവേഷണത്തിൻെറ രീതിയെക്കുറിച്ച് ചുരുക്കിപ്പറയാമോ?

വ:ഔപചാരികമായചിട്ടവട്ടങ്ങളൊന്നുമില്ലാത്തതാണ് എൻെറ രീതി. ലൈബ്രറികളിലും സെമിനാർ ഹാളുകളിലുമിരുന്ന് നാടകത്തിൻെറ അർത്ഥതലങ്ങളെക്കുറിച്ച് കേട്ടറിയുന്നതിനേക്കാൾ നാടക ശാലകളിൽ കയറിയിറങ്ങി അതു കാണുകയും അണിയറയിൽ പ്പോയി നാടകകൃത്തിനേയും നടനെയും ചുട്ടിക്കാരനെയും കണ്ട് സംസാരിക്കുകയും ചെയ്യുന്നതാണ് എൻെറ പതിവ്. പണ്ട് യൂറോപ്പിലും ന്യൂയോർക്കിലും എനിക്കിത് പരിചിതമാണ്. പിന്നെ, ടോക്കിയോവിലെ വളരെ സജീവമായ തിയറ്റർ പാരമ്പര്യം എനിക്ക് ഒരു സ്വർഗം പോലെയാണ് തോന്നിയത്. ഇവിടെത്തന്നെ 2000- ത്തോളം നാടകശാല കളുണ്ട് - ലോകത്തിൽ മറ്റൊരു നഗരത്തിലുമില്ലാത്തത്ര! കബുക്കി, 'നോ', തുടങ്ങിയ ക്ളാസിക്കുകൾ മുതൽ അമ്പരിപ്പിക്കുന്ന പുതിയ പരീക്ഷണങ്ങൾവരെ പാശ്ചാത്യവും പൗരസ്ത്യവുമായ നിരവധി നാടകങ്ങൾ ഇവിടെ അരങ്ങേറുന്നു - നിറഞ്ഞ സദസ്സുകൾക്കു മുൻപിൽ. ഇവയെല്ലാം നടന്നു കാണുകയും പല നാടക ക്യാമ്പുകളും സന്ദർശിക്കുകയും കൂടിയായപ്പോൾ, ആദ്യം വിചാരിച്ചതിനേക്കാളെത്രയോ ഏറെ ചെയ്യാനായി എന്നു തോന്നുന്നു. ഈ പ്രൊജക്ടിൻെറ പ്രായോജകർക്കും എൻെറ വർക്കിനെപ്പറ്റി മതിപ്പുള്ളതായി അറിയാനിടയായി. ഇതോടൊപ്പംതന്നെ ഇവിടത്തെ ജീവിതരീതിയും സാധാരണ ജനങ്ങളുടെ ചിന്താഗതിയും ഒരളവുവരെ മനസ്സിലാക്കാൻ സാധിച്ചു. ഇക്കൊല്ലത്തെ ഹിരോഷിമയിലെ സമാധാന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കാനവസരം കിട്ടിയതും ഓർമിക്കത്തക്കതാണ്.

താ: നാടകരംഗം പ്രൊഫസറെ സംബന്ധിച്ചേടത്തോളം എന്താണ്? ഇതിലേക്കു കടന്നു വരാനിടയായത് എങ്ങിനെയാണ്?

വ: ചെറുപ്പം മുതലേ പഠനത്തോടൊപ്പം തന്നെ കലാസാഹിത്യ വിഷയങ്ങളിലും അഭിനയത്തിലും പ്രസംഗത്തിലും എല്ലാം എനിക്കു താല്പര്യമുണ്ടായിരുന്നു. നാട്ടിലെ വായനശാലയിലെ പുസ്തകങ്ങളിൽ തുടങ്ങിയത് പിന്നീട് സ്കൂളിലെ സാഹിത്യ സംഘങ്ങളിലും, കോളേജിൽ പഠിക്കുന്നകാലത്തെയും പഠിപ്പിക്കുന്നകാലത്തെയും നാടക സംഘപ്രവർത്തനങ്ങളിലുമായി സജീവമായി തുടർന്നു. എഴുത്തും അഭിനയവും കർട്ടൻ കെട്ടലും ചായ കൊണ്ടുവരലും വരെ എല്ലാം ചെയ്തുകൊണ്ടായിരുന്നു ഇത്. ഇങ്ങനെ ഒരു അക്കാദമിക് തലത്തിൽനിന്നു വ്യത്യസ്തമായി നാടകത്തിൻെറ എല്ലാ വശങ്ങളിലും നേരിട്ടു പങ്കെടുത്തുകൊണ്ടാണ് ഞാൻ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നത്. കോളേജിൽ പഠിപ്പിക്കുന്ന കാലത്ത്കുട്ടികൾക്കായി ഒരു കാമ്പസ് തിയ

റ്റവും തിരുവനന്തപുരത്ത് മറ്റൊരു നാടക സംഘവും സംഘടിപ്പിച്ചിരുന്നു.

എന്റെ നാടക ഗുരു ജി.ശങ്കരപ്പിള്ള സാറാണ്. സാറിന്റെ 'സുവർണരേഖ' എന്ന ട്രൂപ്പിൽ വെച്ചാണ് നാടകത്തിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള ബാലപാഠങ്ങൾ കിട്ടുത്. അക്കാലത്തുതന്നെ എൻ. കൃഷ്ണപിള്ള, അയ്യപ്പ പണിക്കർ തുടങ്ങിയവരുമായി ഇടപെടാനും അവസരമുണ്ടായി. ഭരത് ഗോപിയും ഒരു സഹനടനായിരുന്നു. പിന്നീട് ശങ്കരപ്പിള്ളസാർ ശാസ്താംകോട്ടയിൽ 'നാടകക്കളരി'യുമായിപോയപ്പോൾ ഞാൻ 'സുവർണരേഖയു'ടെ അധ്യക്ഷനായി. ചലച്ചിത്ര നടൻ ജഗദീഷ് സെക്രട്ടറിയായിരുന്നു. അതിനുശേഷം എന്റെ എല്ലാ നാടകങ്ങളും 'സുവർണരേഖ'യാണ് അവതരിപ്പിച്ചത്. നരേന്ദ്ര പ്രസാദിന്റെ നാട്യഗൃഹം എന്ന ട്രൂപ്പും അക്കാലത്താണ് പ്രവർത്തിച്ചിരുന്നത്. മുരളിയായിരുന്നു പ്രധാന നടൻ. പിന്നീട് 79-80ൽ ഇറ്റലിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പോകാനവസരം കിട്ടിയത് ഒരു വഴിത്തിരിവായിരുന്നുവെന്നു പറയാം. ബ്രെഹ്റ്റ്, ഇബ്സൻ തുടങ്ങിയവരുടെ നാടകങ്ങൾ അവതരിപ്പിച്ചു കണ്ടതും ഗ്രോട്ടോവ്സ്കിയുമായി നേരിട്ടു സംസാരിക്കാനവസരം കിട്ടിയതും നാടക കലയിൽ എന്റെ അനുഭവചക്രവാളം വികസിപ്പിച്ചു.

താ: സ്വന്തം നാടകങ്ങളെക്കുറിച്ച് എന്താണ് പറയാവുന്നത്?

വ: പലഘട്ടങ്ങളിലായി എഴുതിയ നാടകങ്ങൾക്ക് വ്യത്യസ്ത സ്വഭാവങ്ങളാണെങ്കിലും പൊതുവെ എന്റെ നാടകം കവിതയോടടുത്തു നിൽക്കുന്നു എന്നു തോന്നിയിട്ടുണ്ട്. കവിതയുടെ ദൃശ്യഭാവമാണ് നാടകമെന്ന് ഞാൻ വിശ്വസിക്കുന്നു. പീഡനങ്ങളിൽനിന്നും ചൂഷണത്തിൽനിന്നും വിമുക്തമായി ഉദാത്തമായ സ്വാതന്ത്ര്യം കാംക്ഷിക്കുകയും അതിനുവേണ്ടി ത്യാഗം സഹിക്കുന്നവരുമാണ് എന്റെ നായകൻമാരിലധികവും. 'തുളസീവനം'അടിയന്തരാവസ്ഥക്കാലത്ത് അതിനെതിരായി എഴുതിയ, ആത്മീയതലത്തിലുള്ള ഒരു നാടകമാണ്. സാഹിത്യ അക്കാദമി അവാർഡ് നേടിയ 'അഗ്നി'യിലെ ഉണ്ണി, പ്രൊമിത്യൂസിനെ ഓർമിപ്പിക്കുന്നു. 'കുചേലഗാഥ' എന്ന നാടകം റേഡിയോ നാടകോത്സവത്തിൽ അവതരിപ്പിച്ചപ്പോൾ വിവാദം സൃഷ്ടിച്ചുവെങ്കിലും, അത് സ്വന്തമായി അരങ്ങിൽ അവതരിപ്പിക്കണമെന്നുണ്ട്. നാടകത്തിന്റെ സാങ്കേതിക' തലത്തെക്കുറിച്ചാണെങ്കിൽ "ക്ലാസിക്കലും നാടോടിയുമായ സങ്കേതങ്ങളെ സമന്വയിപ്പിച്ചു" എന്ന് ശങ്കരപ്പിള്ളസാർ 'വിശ്വദർശനത്തി'ന്റെ അവതാരികയിൽ എഴുതിയത്, പിന്നീട് ഓർത്തു നോക്കുമ്പോൾ ശരിയാണെന്നു തോന്നുന്നു.

താ: നാടകപാരമ്പര്യത്തിന്റെയും ആധുനിക നാടകത്തിന്റെയും കാര്യത്തിൽ ജപ്പാനെയും ഇന്ത്യയെയും എങ്ങനെ താരതമ്യം ചെയ്യാം?

വ:മഹത്തായ നാടക പാരമ്പര്യമുള്ള രണ്ടു രാജ്യങ്ങളാണ് ജപ്പാനും ഇന്ത്യയും. ദൃശ്യത്തിന്റെ സാങ്കേതികതയുടെ കാര്യത്തിൽ ജപ്പാൻ മുൻപന്തിയിലാണെങ്കിലും നാടക രചനയുടെ കാര്യത്തിൽ ഭാരതം വളരെ മുന്നിലാണ്. കാളിദാസനെയും ഭാസനെയും പോലുള്ള എഴുത്തുകാരോ കൂടിയാട്ടംപോലെയുള്ള ലക്ഷണമൊത്ത നാടകരൂപങ്ങളോ ജപ്പാനിലുണ്ടായിട്ടില്ല. പില്ക്കാല ചരിത്രത്തിലും ഇത് വ്യത്യസ്തമല്ല. ടാഗോറിന്റേതുപോലെയുള്ള നാടകങ്ങൾ ജപ്പാനിലില്ല. എന്നാൽ അവതരണത്തിന്റെ കാര്യത്തിൽ 'നോ' യും കബുക്കിയും പണ്ടു തന്നെ വളരെ ഉയർന്ന നിലവാരം പുലർത്തി. ജപ്പാനിലെ ആധുനിക നാടകവേദി പാശ്ചാത്യസ്വാധീനത്തിലാണ് വളർന്നതെങ്കിലും ഇന്ന് തദാഷി സുസുക്കി മുതലായവരുടെ പ്രവർത്തനഫലമായി അത് പാരമ്പര്യത്തിലേക്ക് മടങ്ങിവരികയാണ്. സുസുക്കി യുടെ നാടക ക്യാമ്പ് സന്ദർശിച്ചപ്പോൾ, അവിടത്തെ പരിശീലന രീതിക്ക് ഇന്ത്യയുടെ കഥകളി, കൂടിയാട്ടം പരിശീലനങ്ങളുമായും യോഗ, ധ്യാന മുറകളുമായുമുള്ള സാമ്യം നേരിട്ടു കാണാൻ സാധിച്ചു. ലോകത്തിലെ മഹത്തായ സൃഷ്ടികൾ കാണാനുള്ള അവസരവും അവയെ സ്വാഗതം ചെയ്യാനുള്ള ഇവരുടെ മനസ്ഥിതിയും ജപ്പാന്റെ നാടക രംഗത്തെ അളവറ്റ് സഹായിച്ചിട്ടുണ്ട്. ലോകത്തിലെ ഒന്നാംകിട തിയറ്ററുകളുള്ള ടോക്കിയോവും, കല്യാണങ്ങൾക്കു മാത്രം പറ്റുന്ന തിയറ്ററുകളുള്ള തിരുവനന്തപുരവും നമ്മുടെ സാങ്കേതിക രംഗത്തെ വ്യത്യാസത്തെ പ്രതിനിധീകരിക്കുന്നു.

താ: ഇനി വ്യക്തി ജീവിതത്തെക്കുറിച്ച്?

വ: കൊല്ലം ജില്ലയിലെ വയലയാണ് സ്വദേശം.

മനോഹരമായ ഒരു കുഗ്രാമമായിരുന്നു വയല. കൃഷിക്കാരായിരുന്നു ഞങ്ങളുടെ കുടുംബം. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ധാരാളമായുണ്ടായിരുന്നുവെങ്കിലും അതറിയിക്കാതിരിക്കാൻ അമ്മ നന്നായി ശ്രദ്ധിച്ചിരുന്നു. ആദ്യം കണിയാന്റെ ആലയിൽ ഓലയിലെഴുത്തും കുചേലവൃത്തവും മറ്റും പഠിച്ച്, വൈകിയാണ് സ്ക്കൂളിൽ ചേർന്നത്. അഞ്ചുനാഴികയകലെയുള്ള അഞ്ചലിലാണ് ഹൈസ്കൂൾ പഠനം. ഈയടുത്ത കാലത്ത് ഞങ്ങളുടെയൊക്കെ ശ്രമത്തിലാണ് വയലയിൽ ഹൈസ്കൂൾ ഉണ്ടായത്. പഠിക്കുന്ന കാലത്തു തന്നെ വായനയും നാടകവും മറ്റും താല്പര്യമുള്ള വിഷയങ്ങളായിരുന്നു. പിന്നെ ഗാന്ധിയൻ ആശയങ്ങളോടുള്ള ആഭിമുഖ്യവും സോഷ്യലിസത്തോടുള്ള ആകർഷണവും കൂടി, ജയപ്രകാശ് നാരായണന്റെ പ്രസ്ഥാനത്തോടടുക്കാനിടയായി. പിന്നീട് വായനകൊണ്ടും മറ്റും അതുറയ്ക്കുകയും ചെയ്തു. ഖാദിയും ജുബ്ബയുമായിരുന്നു വേഷം. അതു കാരണം ഒരു കോൺഗ്രസ്സു നേതാവായി തെറ്റിദ്ധരിക്കപ്പെട്ട് അസ്ഥാനത്തെ ആദരവും അവജ്ഞയും കിട്ടിയിട്ടുണ്ട്. ആയിടക്കാണ് തൃശ്ശൂരിൽ സ്കൂൾ ഓഫ് ഡ്രാമയുടെ സാരഥ്യത്തിനായി അപേക്ഷക്ഷണിക്കുന്നത്. നരേന്ദ്ര പ്രസാദും ഞാനുമായിരുന്നു അപേക്ഷകർ. ഒടുവിൽ പ്രസാദ് വന്നില്ല - ഞാൻ ചേരുകയും ചെയ്തു. ആയിടക്കാണ് അവിടെ പാഠ്യേതര വിഭാഗത്തിൽ വത്സല ചേരുന്നത്. ഓഫീസിൽ എന്നെ സഹായിക്കാനായി വന്ന വത്സലയുടെ താല്പര്യങ്ങളും മറ്റും സമാനമാണെന്നറിഞ്ഞ്, വീട്ടിലേക്കും സഹായത്തിനായി വിളിച്ചു - വരികയും ചെയ്തു. 1988 മെയ് 18 നായിരുന്നു ഞങ്ങളുടെ വിവാഹം.

താ: ദുരൂഹത, ആധുനിക നാടകത്തെക്കുറിച്ചുള്ള ഒരു പ്രധാന പരാതിയാണല്ലോ. സാധാരണക്കാരനുമായി സംവദിക്കുന്നില്ല എന്ന ആരോപണത്തെക്കുറിച്ചെന്താണുപറയാനുള്ളത്?

വ: ഇവിടെ ഞാനൊരു മറു ചോദ്യം ചോദിക്കുകയാണ്. ആരാണീ സാധാരണക്കാരൻ? കൂടുതൽ വിദ്യാഭ്യാസവും വായനാ ശീലവും ലോക പരിചയവുമില്ലാത്ത ഒരാളെയാണ് ഇതു കൊണ്ട് പൊതുവെ ഉദ്ദേശിക്കുന്നത്. സാമ്പത്തികവും സാമൂഹ്യവുമായ നിലയും മറ്റും ഇവിടെ പ്രസക്തമല്ല. ഉദാഹരണമായി നാട്ടിലെ മുഖ്യമന്ത്രി മാന്യനും സമ്പന്നനുമാണെങ്കിലും 'കൂടിയാട്ടം' അദ്ദേഹത്തിന് പരമബോറായിരിക്കാം. കൂടിയാട്ടത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം വെറും ഒരു സാധാരണക്കാരനാണ്. എന്നാൽ പകൽ മുഴുവൻ പാൽക്കച്ചവടവുമായി നടന്ന് രാത്രിയിൽ കൂത്തമ്പലത്തിലെത്തി സുഖമായി കളികാണുന്ന ഒരാൾ നല്ല ആസ്വാദകനാണ്.

കടൽക്കരയിൽ വെള്ളമെടുക്കാനായി വരുന്നവരെപ്പോലെയാണ് നല്ല കല ആസ്വദിക്കാൻ വരുന്നവരും. കൈയിലെ പാത്രത്തിന്റെ വലിപ്പമനുസരിച്ച് ആർക്കും ഇഷ്ടംപോലെ കോരിയെടുക്കാം. ചെറിയ കുടുക്കയുമായി വരുന്നവർക്കും, വലിയ ചെമ്പുമായി വരുന്നവർക്കും, ഓട്ടപ്പാത്രമായെത്തുന്നവർക്കും അതാതിനനുസരിച്ച് കൊണ്ടുപോകാം. അതുപോലെ നാടകം കാണാൻ വരുന്നവർക്കും ഉപരിപ്ളവമായ ദൃശ്യതലമോ, കഥയുടെ അർത്ഥതലമോ, അതിലൊക്കെ ഉദാത്തമായ ആത്മീയതലമോ ആസ്വദിക്കാം. നല്ല നാടകം ഈ എല്ലാ തലത്തിലും ആസ്വാദ്യമായിരിക്കും.

താ: വളരെക്കാലം കലാരംഗത്തു പ്രവർത്തിച്ച പ്രൊഫസർ ഇതിനിടെ പ്രസിദ്ധരായ പല വ്യക്തികളുമായും അടുത്തിടപഴകിയിട്ടുണ്ടാവുമല്ലോ. ഇതിൽ പ്രത്യേകം ഓർമ്മിക്കുന്നവരായി ആരൊക്കെയാണ്.

വ: ആത്മ സുഹൃത്തുക്കളും അടുത്തറിയുന്ന പരിചയക്കാരുമായുള്ളവരിൽ പ്രത്യേകതയുള്ള പലരുമുണ്ട്. ജി. അരവിന്ദനെക്കുറിച്ചോർക്കുമ്പോൾ അദ്ദേഹത്തിന്റെ സാന്ദ്രമായ നിശ്ശബ്ദതയാണ് ഓർമ വരുന്നത്. പലപ്പോഴായി നാടക സംബന്ധിയായും വ്യക്തിപരമായും അദ്ദേഹവുമായി ഇടപെടുമ്പോഴെല്ലാം അപൂർവം വാക്കുകൾകൊണ്ടു തന്നെ മനസ്സു വെളിപ്പെടുത്തിയിരുന്നത് ഓർമയിൽ തങ്ങിനിൽക്കുന്നു. എം. കെ. മേനോനാണ് (വിലാസിനി) മറ്റൊരു പ്രത്യേകതയുള്ള വ്യക്തി. വിവാഹങ്ങളിൽ പങ്കുകൊള്ളില്ല എന്നതാണ് അദ്ദേഹത്തിന്റെ ഒരു പ്രത്യേകത. തന്റെ കൂടെ താമസിക്കുന്ന അനന്തിരവന്റെ, താൻ തന്നെ നടത്തിച്ച വിവാഹത്തിൽ പോലും പങ്കുകൊണ്ടില്ല എന്നത് ഒരു വലിയ കടകഥയായി തോന്നിയിട്ടുണ്ട്.

# ഒരു മുത്തശ്ശിക്കഥ

## ശ്രീവത്സൻ

രാജകുമാരി തോഴിമാരോടൊപ്പം നീരാട്ടിനായി.. ഛെ! ഇങ്ങനെയല്ല . ഒരു വാലുംതുമ്പുമില്ലാതെ. എല്ലാത്തിനും വേണ്ടേ അതിന്റെതായ ഓരോരോരീതികൾ. അപ്പോൾ ഇങ്ങനെയായാലോ?

പണ്ട്, പണ്ട്, എന്നുവച്ചാൽ വളരെ പണ്ട് ഒരു രാജാവുണ്ടായിരുന്നു. സ്വന്തം സ്മരണ എക്കാലവും നിലനിൽക്കുവാൻ ഒരായിരം രാജഹർമ്യങ്ങളും പ്രതിമകളും പണികഴിപ്പിച്ചു. ജനതക്ക് ദാഹ മകറ്റാൻ കുഴൽകിണറുകൾ കുഴിപ്പിച്ചു. കാൽനടക്കാർക്ക് തണലേകാൻ അക്കേഷ്യയും യൂക്കാലിയും വഴിനീളെ ഇരുവശവും നട്ടുപിടിപ്പിച്ചു. കലകളുടെ പ്രോത്സാഹനാർത്ഥം അക്കാഡമികൾ സ്ഥാപിച്ചു. കലാകാരൻമാരുടെ നിർബന്ധം സഹിക്കാനാവാതെ അവയുടെ അദ്ധ്യക്ഷസ്ഥാനവും സ്വന്തം ചുമലിലേറ്റി. എണ്ണിയെണ്ണിപ്പറഞ്ഞാൽ പുറങ്ങൾ ഏറെയാകും. രാജാവ് ദയാലുവും പ്രജാക്ഷേമതൽപരനും ഒക്കെയായിരുന്നുവെന്നതിന് വേറെ തെളിവുകൾ വേണമെന്നില്ലല്ലോ.

നാളുകൾ കൊഴിഞ്ഞു വീഴവേ ഒരു നാൾ രാജ്ഞി തിരുവയറൊഴിഞ്ഞു. കുമാരിയുടെ പുഞ്ചിരി അവിടെയെങ്ങും ചന്ദ്രിക പരത്തി. ബാല്യവും കൗമാരവും കടന്ന് യൗവനം കുമാരിയിൽവന്നണഞ്ഞു. ഒരു നാൾ കുമാരി തോഴിമാരോടൊപ്പം നടക്കുകയായിരുന്നു. അപ്പോൾ ഏറെ ശബ്ദമുണ്ടാക്കിക്കൊണ്ട് ഒരു 'ഹീറോ ഹോണ്ട' കുമാരിയെ തൊട്ടു തൊട്ടില്ലെന്ന മട്ടിൽ പറന്നു പോയി. അതിൻമേലോ കുതിരവാൽ പോലെ മുടി നീട്ടി വളർത്തിയ ഒരുവൻ. ഇത്രയും ധൈര്യമുള്ളവൻ ആർ എന്ന് തോഴിമാർ ചോദിക്കുവാൻ മുതിരും മുൻപ് മുന്നിലായി വണ്ടി നിർത്തി അയാൾ തിരിഞ്ഞു നോക്കി. പിന്നെ വണ്ടി തിരിച്ച് കുമാരിയുടെ മുന്നിലായി നിർത്തി. കറുത്ത കണ്ണട മെല്ലെ താഴ്ത്തി അയാൾ കുമാരിയെ നോക്കി. കുമാരിക്കോ എത്ര ശ്രമിച്ചിട്ടും കണ്ണുകളെ അയാളിൽനിന്നും പറിച്ചു മാറ്റാൻ കഴിഞ്ഞില്ല. ഏറെ കഴിഞ്ഞ് സ്വപ്നത്തിൽനിന്ന് ഉണർന്നെന്നവണ്ണം വണ്ടി സ്റ്റാർട്ടാക്കി, അവൻ പറന്നകന്നു.

"ആര് ഇയാൾ?" "എൻ മോഹങ്ങളെ തട്ടിയുണർത്തി കടന്നുപോകുന്നവൻ? എൻ സ്വപ്നത്തിലെ രാജകുമാരനോ? ഗന്ധർവനോ?" ഒരക്ഷരംപോലും സംസാരിക്കാത്തതിൽ കുമാരി ദുഃഖിച്ചു.

വീണ്ടും ഒരുനാൾ അയാൾ പ്രത്യക്ഷപ്പെട്ടു. കുമാരിയുടെ അരികിൽ വണ്ടി നിർത്തി, കണ്ണട താഴ്ത്തി, മന്ത്രിച്ചു: "നാളെ പുഴയോരത്ത് കാത്തിരിക്കും." വന്നപോലെ തന്നെ അപ്രത്യക്ഷനാവുകയും ചെയ്തു.

കുമാരി പുഴയോരത്ത് കാറ്റുകൊണ്ടു നടക്കവേ അയാൾ! കുമാരി ഒന്നും മിണ്ടിയില്ല. അയാൾ നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. സൂര്യൻ മറയവേ, അയാളും മറഞ്ഞു. അയാളുടെ വാക്കുകൾ കേൾക്കാൻ കുമാരി കൊതിച്ചു. കേട്ടുകേട്ടിരിക്കാൻ... പിന്നെയെല്ലാം ചലച്ചിത്രത്തിൽ കാണുംപോലെയായിരുന്നു. തോളോടു തോളുരുമ്മി, മരംചുറ്റി, പാട്ടും പാടി അവർ അങ്ങനെ...

രാജ്യതന്ത്രരഹസ്യങ്ങൾ തിരഞ്ഞു നടന്നൊരു ചാരന്റെ കണ്ണിൽപ്പെട്ടതോ കുമാരനും കുമാരിയും. അതുകണ്ടയാളുടെ ഉള്ള് ഒന്നു കാളി. ചുണ്ടിൽ പുഞ്ചിരി വിടർന്നു.

യുദ്ധസന്നാഹങ്ങളുടെ കഥക്കു പകരം പുത്തൻ കഥയുമായി അയാൾ തിരിച്ചു. കൈവശമാകുവാൻ പോകുന്ന പദവി, നവ ഹർമ്യം, പാരിതോഷികങ്ങൾ എല്ലാം കൺമുന്നിലൂടെ പറന്നു നടക്കവേ വേഗത പോരായെന്ന് അയാൾക്കു തോന്നി.

മഹാരാജാവിനെ നേരിട്ട് മുഖം കാണിക്കുവാനുള്ള അനുവാദം പ്രതീക്ഷിച്ചതുപോലെ അയാൾക്കു ലഭിച്ചു. രഹസ്യമുറിയിൽ പ്രവേശിച്ച അയാൾ മഹാരാജാവിനെ യഥോചിതം താണു വണങ്ങി. വാർത്ത വള്ളിപുള്ളിവിടാതെ ഉണർത്തിച്ചു. മഹാരാജാവ് മന്ദഹസിച്ചു. ചാരന്റെ മുഖത്ത് ചന്ദ്രിക പരന്നു. "മറ്റാരെങ്കിലും ഇതറിഞ്ഞുവോ?" "ഇല്ല. അടിയന് രാജാവും കുമാരിയും രാജ്യവുമാണ് വലുത്. സംശയം മാറിയിട്ടില്ലെന്നമട്ടിൽ രാജൻ അയാളുടെ മുഖത്ത് സൂക്ഷിച്ചു നോക്കി. "ഇല്ല" അയാൾ ഉറക്കെ പറഞ്ഞു. രാജാവിന്റെ മുഖത്തെ കാർമേഘം മാഞ്ഞു. അദ്ദേഹം പ്രസന്ന വദനനായി മൊഴിഞ്ഞു - "മിടുക്കൻ"

രാജാവിന്റെ കരം പിന്നിലേക്ക് നീങ്ങുന്നത് അയാൾ കണ്ടു. കൈയിൽ എന്തോ തടയു

ന്നതും. അതിന് സ്വർണ്ണനിറമാണെന്നും കണ്ട് അയാളുടെ മുഖം മഞ്ഞളിച്ചു, മനം നിറഞ്ഞു.

ചാരൻ നിലം പതിക്കവെ, തിരയൊഴിഞ്ഞുവെന്ന് തോക്ക് പലവട്ടം പരിശോധിച്ച് രാജൻ ഉറപ്പു വരുത്തി.

അങ്ങകലെ, മടങ്ങിപ്പോകുന്ന ദേശാടനപ്പക്ഷികളെയും നോക്കി കുമാരിയുടെ മടിയിൽ കിടക്കുകയായിരുന്നു കുമാരൻ. അന്ന് കുമാരൻ മൗനിയായിരുന്നു. സൂര്യൻ ചക്രവാളത്തിലേക്ക് മടങ്ങുവാൻ തുടങ്ങവേ കുമാരൻ പറഞ്ഞു. "ഞാൻ നാട്ടിലേക്ക് മടങ്ങുകയാണ്. വളരെ അത്യാവശ്യമായി പുറപ്പെടണമെന്ന് ദൂതുണ്ടായിരുന്നു. ഞാൻ.."

വലതു കൈയിലെ വിരലുകൾ ഓരോന്നായി മടക്കി, ഇടതു കൈയിലെ ചെറുവിരൽ മടക്കി പിന്നെ അത് വിടർത്തി, കുമാരൻ തുടർന്നു:

"കുമാരി ഓരോ നാളും ഓരോ വിരലായി മടക്കുക. വലതു കൈയിലെ വിരലുകൾ മടങ്ങി തീരുന്നതിനുമുമ്പ് ഞാൻ തിരിച്ചെത്തും... വരണമാലയുമായി." രാജകുമാരി ചിരിക്കുവാൻ ശ്രമിച്ചു. രാജകുമാരിയുടെ നെറുകയിൽ ചുംബിച്ച് അയാൾ മൗനമായി യാത്രാമൊഴിയും ചൊല്ലി അപ്രത്യക്ഷനായി.

കിഴക്ക് പിറ്റേന്നും സൂര്യൻ ഉദിച്ചു. ഘടികാരം മെല്ലെമാത്രമേ നീങ്ങുന്നുള്ളു എന്ന് കണ്ട് കുമാരി അതിനെ മനസാ ശപിച്ചു. നിമിഷങ്ങൾക്ക് മണിക്കൂറിന്റെയും മണിക്കൂറുകൾക്ക് വർഷത്തിന്റെയും ദൈർഘ്യമുണ്ടായിരുന്നു. സൂര്യൻ പടിഞ്ഞാറ് മടിച്ച് മടിച്ച് ഇറങ്ങവേ കുമാരി ചെറുവിരൽ മടക്കി ദീർഘശ്വാസം ഉതിർത്തു.

വിരലുകൾ മടക്കിയും നിവർത്തിയും പിന്നെയും മടക്കിയും നിവർത്തിയും നാളുകൾ കടന്നു പോയി. "വരും... വരാതിരിക്കില്ല" എന്ന് കുമാരിയുടെ വളർത്തു തത്ത മൊഴിയുന്നതു കേട്ട് സമാധാനിക്കാൻ ശ്രമിച്ചെങ്കിലും കുമാരിയുടെ നെഞ്ച് പിടഞ്ഞു കൊണ്ടിരുന്നു.

അന്നങ്ങളെ നട പഠിപ്പിച്ചുകൊണ്ടിരിക്കേ കുമാരൻ പ്രത്യക്ഷനായി. 'കുമാരി' എന്നു വിളിച്ചില്ലായിരുന്നുവെങ്കിൽ ആളെ തിരിച്ചറിയാൻ ആവുമായിരുന്നില്ല. നീട്ടി വളർത്തിയ മുടിയും താടിയും വിദൂരതയിൽ നട്ടിരിക്കുന്ന കണ്ണുകളും ഒരു സന്യാസിയെന്ന് വിളിച്ചോതുമായിരുന്നു.

"നമ്മുടെ ബന്ധം എങ്ങനെയോ മാതാപിതാക്കൾ അറിഞ്ഞു. പ്രശ്നമായി. ഞാനോ വീട്ടു തടങ്കലിലുമായി. ഇത്രയും നാൾ രക്ഷപ്പെടുവാൻ ഒരു പഴുതും കാത്തിരിക്കുകയായിരുന്നു. കുമാരി കുമാരനെ തന്നെ നോക്കിക്കൊണ്ടിരുന്നു. അവർക്കിടയിൽ മൗനം വളർന്ന് വട വൃക്ഷമായി.

"നമുക്ക് നാടു വിടാം." കുമാരൻ ഓതി.

"എന്തിന്?"

"വേറെ മാർഗ്ഗമൊന്നും മുന്നിലില്ല"

"എന്നിട്ട്?"

"അങ്ങകലെ എതെങ്കിലും രാജ്യത്ത് നമുക്ക് സസുഖം വാഴാം."

"എവിടെ?"

"....."

"കുമാരാ അവിവേകം അരുത്. നമ്മെ തേടി നമ്മുടെ സൈന്യങ്ങൾ തിരിക്കും. അവർ എവിടെയെങ്കിലും പരസ്പരം കണ്ടുമുട്ടും. പിന്നെ ചോരപ്പുഴയൊഴുകും. അതുമല്ല, നാം എവിടെയെങ്കിലും സുരക്ഷിതമായി എത്തിയെന്നിരിക്കട്ടെ - നാം ഉത്തരവിട്ട് പരിചയിച്ചവരാണ്, ഉത്തരവ് അനുസരിച്ച് ജീവിച്ചവരല്ല. അതിനാൽ - "

"അതിനാൽ"

"കുമാരൻ മടങ്ങുക"

"രാജശാസന സ്വീകരിക്കുക. എല്ലാവിധ മംഗളങ്ങളും ഉണ്ടാകും. അതാണ് നമുക്കും ജനങ്ങൾക്കും നല്ലത്."

കുമാരൻ തല കുനിച്ചിരുന്നു. കണ്ണുകളിൽ കണ്ണുനീർ തളം കെട്ടി.

കുമാരൻ കുറച്ചുനേരം അവിടെ തന്നെ ഇരുന്നു. പിന്നെ ഒന്നും പറയാതെ വിടകൊണ്ടു. യാത്ര തുടരവേ അയാൾ ഓർത്തു. എന്തിനായിരുന്നു ഈ കണ്ണുനീരും നാടകവും.

മടിയിൽ കരുതിയിരുന്ന, പിറ്റേന്ന് നവവധുവിനെ അണിയിക്കേണ്ട മോതിരം ഉണ്ടെന്നു ഉറപ്പുവരുത്തി, അതിനെ ചുണ്ടോടമർത്തി കാറ്റിന്റെ വേഗത്തിൽ അയാൾ പാഞ്ഞു.

"ചെ! ഫൂൾ! കുമാരി നിനച്ചു. ഇങ്ങനെയായാൽ ഇവനും ഇവന്റെ രാജ്യവും എന്നെങ്കിലും കൊണം പിടിക്ക്യോ?"

# വളപ്പൊട്ട്

## ജ്യോതി

നിങ്ങളറിയില്ലേ അവളെ?
പണ്ടൊരു താരാട്ടിൻെറയീണവും തേടിയവൾ
മുന്നിൽ വന്നു നിന്നില്ലയൊ?
ഒരു മൗനത്തിൻെറയാവരണമണിഞ്ഞു നിങ്ങൾ
അതു നിരാകരിച്ചപ്പോൾ
നീറുന്ന കുഞ്ഞു മനസ്സുമായവൾ
ഓടിമറഞ്ഞില്ലയൊ?

"മഞ്ചാടിക്കുരുവിൻെറ ചുവപ്പാണെനിക്കിഷ്ട"
മെന്നേതോ സന്ധ്യയിൽ അവളോതിയപ്പോൾ
കുന്നിക്കുരുവിലെ കറുപ്പിനെക്കുറിച്ച്
ഒരു വേദാന്തമവളോടു പറഞ്ഞില്ലേ!

ശാസ്ത്ര തത്വങ്ങളുടെ തടിയൻ
പുസ്തകമെടുത്തവൾ
ഓടിവന്നു തുറന്നു കാണിച്ചപ്പോൾ
ഏതോ തിയറിയുടെ
വിശദീകരണത്തിനാണെന്നു-
ള്ളിലോർത്തു ഭയപ്പെട്ടതും
പുസ്തകത്താളിലൊളിപ്പിച്ച മയിൽപ്പീലി
കാണിച്ചവൾ
പൊട്ടിച്ചിരിച്ചതും ഓർമയില്ലേ?

പാവക്കുട്ടിക്കു മാലയുണ്ടാക്കുവാൻ
മുത്തുകളന്വേഷിച്ചവൾ ഓടിയെത്തിയതും
പാവക്കുട്ടി പിണങ്ങിയെന്നു പറഞ്ഞവൾ
മൂകമായിരുന്നതും ഓർമയില്ലേ?
ഒരവധി ദിനത്തിൻെറ വിരസത മാറ്റുവാനായ്
അവളുടെയടുത്തെത്തിയപ്പോൾ
താൻ സൂക്ഷിച്ച വളപ്പൊട്ടു കണ്ടില്ലെന്നു
ചൊല്ലിയവൾ
മുഖം വീർപ്പിച്ചിരുന്നതും ഓർമയില്ലേ?
ഒരിക്കലൊരു പൂപ്പാത്രം വീണുടഞ്ഞതിനാൽ
കരയാൻപോലുമാകാതെയവൾ
വിഷണ്ണയായ് കിടന്നുറങ്ങിയില്ലേ?

ഊഞ്ഞാലിലൂഴം വെച്ചാടുവാൻ
കൂട്ടുകാരാരുമില്ലാതെയവൾ
തേൻമാവിൻ കൊമ്പിലെ പാടുന്ന കുയിലിനോടു
കിന്നാരം ചൊല്ലിയതോർമയില്ലേ?
ഓർമയില്ലേ?
ഒരു വിദൂരമായ പൂക്കാലം പോലെ!

# പരിണാമം

## ഗോപു

ഞാനെൻെറ മുഖംമൂടിയുമായി ഇണങ്ങിത്തുടങ്ങി. മുഖംമൂടി എന്നു കേൾക്കുമ്പോൾ കരുതേണ്ട, ആളുകളെ പേടിപ്പിക്കാനുള്ള ചെകുത്താൻ പടമാണെന്ന്. എൻെറ മുഖംമൂടി പരിചിതർക്കെല്ലാം ഇഷ്ടമായി എന്നതാണു സത്യം. ആരൊക്കെയോ പറയുന്നുണ്ടായിരുന്നു, "എന്ത് പറ്റി കുട്ടന്, ആളാകെ മാറിയല്ലോ. ചെക്കൻ ഗുണംപിടിക്കാനുള്ള വഴിക്കാണെന്നു തോന്നുന്നു." "തർക്കവും വിപ്ളവവുമെല്ലാം നിർത്തിയല്ലോ" എന്നമ്മ. ശങ്കരേട്ടൻ പറഞ്ഞു "ഞാൻ നിന്നോട് പറഞ്ഞിട്ടില്ലേ കുട്ടാ, ഇത്തരം ചെറിയ മാറ്റങ്ങൾ മതി നിൻെറ "അക്സപ്റ്റൻസ്" കൂട്ടാനെന്ന്." കുട്ടൻ ഓർത്തു ഈ ശങ്കരേട്ടൻെറ "അക്സപ്റ്റൻസ്" ഭ്രമം എന്നാണാവോ തീരുക അന്നൊക്കെ പറഞ്ഞൊഴിയുമായിരുന്ന മറുപടിയും പെട്ടെന്നോർമവന്നു. "ആവാഞ്ഞിട്ടല്ല ശങ്കരേട്ടാ അറിയാഞ്ഞിട്ടുമല്ല. പക്ഷേ, പ്രകടനം ലഹരിയാകുമ്പോൾ നഷ്ടപ്പെട്ടേക്കാവുന്ന മൂല്യങ്ങളെ കരുതിയാണ്".

ഓർത്തിരിക്കുമ്പോൾ അമ്മയുടെ വിളി കേട്ടു. "കുട്ടാ, നീ വൈകീട്ടത്തെ ട്രയിനു തന്നെയല്ലേ അമ്മൂമ്മ വീട്ടിൽ പോണേ. കുഴമ്പുകൊണ്ടെകൊടുക്കാൻ നാളായല്ലോ. നാളെ പണിക്കാരെ നിറുത്തി ആ വേലീം ഒന്ന് കെട്ടിക്കാലോ നിനക്ക്."

"കെമിസ്ട്രി സംശയം ഉണ്ടെങ്കിൽ നാളെ വീട്ടിലോളം ചെല്ലാൻ പറഞ്ഞിരിക്ക്വാ അമ്മേ സാറ്. അടുത്തയാഴ്ച മതിയോ നാട്ടീപോക്ക്." മറുപടി എത്ര പെട്ടെന്നാ വന്നതെന്ന് കുട്ടൻ തന്നെ അത്ഭുതപ്പെട്ടു. "അതുവേണ്ടാ പഠനം നടക്കട്ടെ. ഞാൻ ശങ്കരനോട് പറയാം. അവനിപ്പോൾ കുറെ നാളായല്ലോ അങ്ങോട്ടേക്ക് ഇറങ്ങിയിട്ട്...."

അമ്മ പറഞ്ഞത് മുഴുവനും കേട്ടില്ല. പുറത്താരോ ഒച്ചകൂട്ടിവെച്ച മൈക്കിലൂടെ വയലാർ കവിത .... "ജൂദാസുകളാക്കി തളച്ചാലെ സംതൃപ്തനാകൂ കാലം"....

# അമ്പലക്കുളം

## ജോർജ്ജ് മരങ്ങോലി

"നാരായണായ നമഃ, നാരായണായ നമഃ"

"നാരായണന്റെ തിരു നാമം ജപിപ്പതിന്നു..."

"വിലാസിനീ, ദാ ഉമ്മറത്ത് ആരോ വന്നൂന്ന് തോന്നുണു." സന്ധ്യാനാമം ജപിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അമ്മ വിളിച്ചു പറഞ്ഞു.

"കിഴക്കേലെ കേശവൻ കുട്ടിയാ, എന്താ കുട്ട്യേ ഈ സന്ധ്യാനേരത്ത്?"

"അമ്പലക്കുളത്തിൽ ഒരു ശവം പൊങ്ങീട്ടുണ്ടത്രേ"

"നാരായണാ, ഇവറ്റകൾക്കൊക്കെ മരിക്കണോന്നെച്ചാൽ വേറെ എവിടെയെങ്കിലും പോയി ആയിക്കൂടെ? വല്ലപ്പോഴും ഒന്നു മുങ്ങിക്കുളിക്കാൻ ഒരിടമുണ്ടായിരുന്നതാ. അതും ഇല്ലാണ്ടാക്കി;"

നാമം ചൊല്ലൽ നിർത്തി അമ്മയും ഉമ്മറത്തേക്കു വന്നു.

"ആരാണെന്നറിയോ കേശവൻ കുട്ട്യേ?"

"ഇല്ല, പായലിന്നടിയിൽ തടഞ്ഞു കിടക്കുന്നതുകൊണ്ട് ആളറിയില്ല."

"ആരായാലെന്താ അമ്പലക്കുളമെങ്കിലും ഒഴിവാക്കാമായിരുന്നു ഇത്തരം പണിക്ക്" ഇഷ്ടപ്പെടാതെ അമ്മ അടുക്കളയിലേക്ക് പോയി.

"കേശവൻകുട്ട്യേ, ആരാണെന്നറിഞ്ഞാൽ ഇത്തറ്റം ഒന്നു വന്ന് പറയാൻ മടിക്കേണ്ട" കേശവൻ കുട്ടി പടിയിറങ്ങി പോകുന്നതും നോക്കി നിന്നു.

അമ്പലക്കുളത്തിൽ ആത്മഹത്യ നടക്കുന്നത് ഇത് ആദ്യമായിട്ടൊന്നുമല്ല. തനിക്ക് ഓർമ്മ വെച്ചതിനുശേഷം അഞ്ചാറുപേരെങ്കിലും അവിടെ ജീവിതം അവസാനിപ്പിച്ചിട്ടുണ്ട്. കുട്ടിക്കാലത്ത്, പള്ളിക്കൂടത്തിൽ പഠിക്കുമ്പോൾ ഏതോ ഒരു പണ്ടാരൻ പണ്ടാരത്തിയുമായി വഴക്കിട്ട്, കുളത്തിൽ മുങ്ങി മരിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ട് അതായിരുന്നു തനിക്കറിവുള്ള ആദ്യത്തെ മരണം. എസ്. എസ്. എൽ. സി. ക്ക് തോറ്റുപോയപ്പോൾ നളിനിയും അഭയം തേടിയത് അമ്പലക്കുളത്തിലായിരുന്നു. ഒരിക്കൽ അമ്പലത്തിലെ സുവർണ്ണവിഗ്രഹം മോഷ്ടിക്കാൻ വന്ന കള്ളനെ നാട്ടുകാർ ഓടിച്ചപ്പോൾ കാൽ വഴുതി കുളത്തിൽ വീണ അയാളുടെ ജഡമാണ് പിന്നീടു കണ്ടുകിട്ടിയത്. അമ്പലക്കുളത്തിലെ പായലിന്നടിയിൽ ആത്മാഹൂതി ചെയ്തവരുടെ പട്ടിക അങ്ങനെ നീണ്ടു പോയി. ഏറ്റവും ഒടുവിൽ മരിച്ചത് കുട്ടംപുറത്തെ രാഘവമേനോനാണ്. മേനോൻ നടത്തിയിരുന്ന ചിട്ടിക്കമ്പനി പൊളിഞ്ഞപ്പോൾ കടം കൊണ്ടു മൂടിയ അയാൾ കുളത്തിൽ ചാടി മരിച്ചുവെന്ന് ചിലരൊക്കെ പറയുന്നു. അതല്ല, കാശുകിട്ടാനുള്ളവരെല്ലാം ചേർന്ന് മേനോനെ തല്ലിക്കൊന്ന് കുളത്തിലെറിഞ്ഞതാണെന്ന് വിശ്വസിക്കുന്നവരും കുറവല്ല.

ഏതായാലും അമ്പലക്കുളത്തിലെ പായൽ എല്ലാവർക്കും ഒരു പേടി സ്വപ്നമാണ്. പായലിന്നടിയിൽ യക്ഷിയുണ്ടെന്നാണ് ആൾക്കാർ പറയുന്നത്. അതുകൊണ്ട് തന്നെ കുളിക്കാൻ പോകുന്നവരാരും പായലുള്ള ദിക്കിലേക്ക് പോകാറില്ല!

ഒരിക്കൽ താനും അമ്പലക്കുളത്തിലെ പായലിന്നടിയിൽ അഭയം തേടാൻ ഒരുമ്പെട്ടതാണ്. കുട്ടിക്കാലം മുതലെ ഒരുമിച്ച് കളിച്ചുവളർന്ന്, കാരണവൻമാരായി വിവാഹം പോലും നിശ്ചയിച്ചു വച്ചിരുന്ന, എല്ലാമെല്ലാമായ രാധേട്ടൻ എന്നെ വേണ്ടാ എന്ന് പറഞ്ഞ ദിവസം. കുളക്കടവിൽ പോയിരുന്ന് കണ്ണുനീർ വറ്റുന്നതുവരെ കരഞ്ഞു. ഒടുവിൽ മരിക്കാൻ ഒരുമ്പെട്ട്, കണ്ണുമടച്ച് വെള്ളത്തിലേക്ക് ചാടാൻ ഭാവിച്ചപ്പോൾ, അമ്പലത്തിലെ ശ്രീകൃഷ്ണ വിഗ്രഹം തന്നോട് സംസാരിക്കുന്നതുപോലെ തോന്നി. വെള്ളത്തിലേക്ക് വെച്ച കാല് പുറകോട്ട് വലിച്ച്, കണ്ണീരുതുടച്ചുകൊണ്ട് വീട്ടിലേക്ക് നടക്കുമ്പോൾ രാധേട്ടനെന്ന തന്റെ ഇഷ്ടദേവനെ അമ്പലക്കുളത്തിലെ പായലിന്നടിയിൽ കെട്ടിത്താഴ്ത്തിയ പ്രതീതിയായിരുന്നു മനസ്സിൽ. അതൊക്കെ കഴിഞ്ഞിട്ട് വർഷങ്ങൾ പലതായി. പുരുഷ വർഗ്ഗത്തിനോടുള്ള സ്നേഹവും ബഹുമാനവും അതോടുകൂടി എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോയി. പിന്നീട് പല നല്ല വിവാഹാലോചനകളും വന്നതാണ്. ഇനി ഒരിക്കലും ഒരു പുരുഷനെ വിശ്വസിക്കില്ല എന്ന ദൃഢപ്രതിജ്ഞ എല്ലാം വേണ്ടെന്നു വെച്ചു.

"വിലാസിനീ , ശ്യാമള എപ്പോഴത്തേക്ക് എത്തുമെന്ന് വല്ലതും പറഞ്ഞോ കുട്ടീ?" പട്ടണത്തിൽ ഇൻറർവ്യൂവിനു പോയ ഇളയ മകളെ കുറിച്ച് അമ്മക്ക് ഉത്കണ്ഠ.

"അവള് ടൗണിൽനിന്നെത്തണ്ടേ? ഇൻറർവ്യൂ താമസിച്ചാൽ നാളെ രാവിലേ എത്തൂ. ആറുമണി കഴിഞ്ഞാൽ പിന്നെ ബസ്സും ഉണ്ടാവില്ല."

"ആ കുട്ടി എവിടെ കഴിയോ ആവോ?"

"അമ്മ വിഷമിക്കണ്ട, എന്റെ ബാങ്കിൽ ജോലിയുള്ള ഗോമതിയുടെ വീട്ടിൽ താമസിക്കാൻ പറഞ്ഞേൽപ്പിച്ചിട്ടുണ്ട്. ഈശ്വരാ, ജോലികിട്ടിയാൽ മതിയായിരുന്നു."

അത്താഴം കഴിഞ്ഞ് കിടക്കുമ്പോൾ മനസ്സിൽ പലപല ചിന്തകളായിരുന്നു. ഒരിക്കലും ഓർക്കരുത് എന്ന് വിചാരിച്ചിരുന്ന രാധേട്ടനെക്കുറിച്ചോർത്തു. മറക്കാൻ മനഃപൂർവ്വം ശ്രമിക്കുന്തോറും ആ മുഖം മനോമുകുരത്തിൽ വീണ്ടും തെളിഞ്ഞു വന്നു. ഞങ്ങളുടെ കല്യാണം കഴിഞ്ഞ് പാടത്തിന്റെ നടുക്കുള്ള രാധേട്ടന്റെ സ്ഥലത്ത് വീട് വച്ച് താമസിക്കാനായിരുന്നു അന്ന് ഉദ്ദേശിച്ചിരുന്നത്. വർഷക്കാലത്ത് വെള്ളം പൊങ്ങി പാടം മുഴുവൻ കായൽപോലെയാകുമ്പോൾ "വിലാസിനി, നമ്മുടെ പിള്ളേരെ നോക്കിക്കൊള്ളണം. അവരു വെള്ളത്തിലെങ്ങാൻ പെട്ടാൽ നിന്നെ ഞാൻ വച്ചേക്കില്ല." അന്നൊക്കെ തമാശയായിട്ട് രാധേട്ടൻ ഓരോന്നു പറയുന്നത് കേൾക്കാൻ ബഹു രസമായിരുന്നു.

"കല്യാണം കഴിഞ്ഞ് നീ ഈ ബാങ്കു ജോലിക്കൊന്നും പോകേണ്ട. അച്ഛന്റെ ബിസിനസ്സ് ഞാൻ ഏറ്റെടുക്കും. പിന്നെ നീ വെറുതെ വീട്ടിലിരുന്നാൽ മതി." എന്തെല്ലാം സ്വപ്നങ്ങളായിരുന്നു രണ്ടു പേരും കൂടിമെനഞ്ഞു കൂട്ടിയത്! പക്ഷെ ആ രാധേട്ടന് എന്തു സംഭവിച്ചുവെന്ന് ഇപ്പോഴുമറിയില്ല, പെട്ടെന്ന് വല്ലാത്തൊരു മാറ്റം! എന്നെക്കാണുന്നതു പോലും അയാൾക്കിഷ്ടമില്ലാതായിത്തീർന്നു.

"എന്നെ കൈവെടിയരുത് രാധേട്ടാ, ഞാൻ എന്തു വേണമെങ്കിലും ചെയ്യാം. രാധേട്ടനുവേണ്ടി ഉഴിഞ്ഞുവച്ച ഈ ജീവിതവും, എന്റെ ജീവൻ പോലും ഹോമിക്കാൻ ഞാൻ തയ്യാറാണ്. എന്നെ ഉപേക്ഷിക്കരുത്..." കാലിൽ കെട്ടിപ്പിടിച്ച് കേണ് കരഞ്ഞപേക്ഷിച്ചു. പക്ഷെ ആ കരച്ചിലെല്ലാം കരികല്ലിനോടായിരുന്നുവെങ്കിൽ ആ കല്ലുപോലും അല്പമെങ്കിലും ചലിക്കുമായിരുന്നു. അയാൾക്ക് അതും ഉണ്ടായില്ല!

ഒരു ദിവസം ബാങ്കിൽ വന്ന അയാൾ ഇതിനു മുമ്പ് കണ്ട പരിചയം പോലുമില്ലാതെ, ഒരു വാക്കുപോലും മിണ്ടാതെ ഇറങ്ങിപ്പോയപ്പോൾ ഉള്ളിന്റെ ഉള്ളിൽനിന്ന് ഉറഞ്ഞു പൊങ്ങിയ കണ്ണീർകണങ്ങൾ അക്കൗണ്ട് ലെഡ്ജറിലെ ചുവന്ന അക്കങ്ങളിൽ രക്ത ബിന്ദുക്കൾപ്പോലെ മഷി പടർത്തി. ഇത്ര പെട്ടെന്ന് അയാൾക്കിങ്ങനെ ഒരു മാറ്റം വരാൻ കാരണമെന്താണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല! ജീവിക്കാൻ തുടങ്ങുന്നതിനുമുമ്പ് തകർന്നു തരിപ്പണമായ ജീവിതത്തെക്കുറിച്ച് ഓർത്ത് വിങ്ങിവിങ്ങിക്കരഞ്ഞു ദിവസങ്ങൾകഴിച്ചു!

രണ്ടുമാസം മുമ്പായിരുന്നു അയാളുടെ വിവാഹം, ഒരു അമേരിക്കക്കാരിയുമായി. ഒരു കാലത്ത് എന്റേതു മാത്രമെന്നു കരുതി സ്നേഹിച്ചിരുന്ന അയാൾ ഇന്ന് അമേരിക്കയിൽ, ഡോളറുകളുടെ നാട്ടിൽ സുഖമായികഴിയുന്നു. ആഗ്രഹിച്ചതു മുഴുവൻ എന്നന്നേക്കുമായി നഷ്ടപ്പെട്ട ഈയുള്ളവളെക്കുറിച്ച് ഒരിക്കൽപോലും ഓർക്കാനുള്ള സൻമനസ്സ് അയാൾക്കുണ്ടായിക്കാണില്ല!

ഇന്ന് എന്റെ ആരുമല്ലാത്ത, മറ്റൊരാളുടെ ഭർത്താവിനെക്കുറിച്ച് ഇത്രയധികം ചിന്തിക്കാൻ പാടില്ല, മനസ്സിനെ സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ചു. നേരം വളരെ വൈകി, രാവിലെ ജോലിക്കു പോകേണ്ടതാണ്, പുതപ്പ് വലിച്ച് തലക്ക് മുകളിലൂടെയിട്ട് കണ്ണുമടച്ചു കിടന്നു.

ഉമ്മറവാതിലിൽ തുടർച്ചയായി മുട്ടുന്ന ശബ്ദം കേട്ടാണ് കണ്ണു തുറന്നത്. ഉറക്കച്ചടവു വിട്ടുമാറാതെ, കണ്ണു തിരുമ്മിക്കൊണ്ട് വാതിൽ തുറന്നു. കേശവൻ കുട്ടി, കരഞ്ഞുകലങ്ങിയ കണ്ണുകളുമായി പേടിച്ചു വിറച്ചു നിൽക്കുന്നു.

"എന്താ കേശവൻകുട്ട്യേ ഇത്ര രാവിലെ?"

"ശ്യാമളച്ചേച്ചി....;"

"ശ്യാമളക്കെന്തു പറ്റി....?"

"അമ്പലക്കുളത്തിൽക്കണ്ട ശവം.... ശ്യാമളച്ചേച്ചിയുടേതാണ്....!!"

"എന്റെ ശ്യാമളേ......" വിങ്ങിപ്പൊട്ടുന്ന മനസ്സിനെ താങ്ങാൻ കരുത്തില്ലാതെ ഇടറുന്ന കാലുകളെ വലിച്ചിഴച്ചുകൊണ്ട് അമ്പലക്കുളത്തിലേക്കോടി. പായലിന്നടിയിൽ നിന്നു പൊക്കിയെടുത്ത കുതിർന്നു, വീർത്ത അവളുടെ ശരീരം ഒരു ഓലക്കീറിൽ കിടത്തിയിരിക്കുന്നു! ഒന്നു കൂടി നോക്കാൻ കരുത്തില്ലാതെ കുളക്കടവിൽ കുത്തിയിരുന്നു!

"ഈ എഴുത്ത് ഇവിടെനിന്നു

കിട്ടിയതാ." ഒരു പോലീസുകാരൻ ഒരു കടലാസു കഷണം എൻെറ നേരെ നീട്ടി. യാന്ത്രികമായി അതു വാങ്ങി വായിച്ചു.

"പ്രിയമുള്ള ചേച്ചിക്ക്,

രാധേട്ടൻ എന്നെയും വഞ്ചിച്ചു! ഒരിക്കൽ ചേച്ചിയുമായി വിവാഹം പോലും നിശ്ചയിച്ചിരുന്ന അയാൾ എന്നെ കണ്ടപ്പോൾ ചേച്ചിയെ വേണ്ടെന്നു വെച്ചു. അയാളുടെ വാക്കുകൾ കേട്ടപ്പോൾ ഞാനും അയാളെ വിശ്വസിച്ചുപോയി. ചേച്ചിയോട് പലവട്ടം ഇതു പറയാൻ ഞാൻ ഒരുമ്പെട്ടതാണ്. പക്ഷെ ചേച്ചിയെ വേദനിപ്പിക്കാൻ എൻെറ മനസ്സനുവദിച്ചില്ല. അയാൾ അമേരിക്കക്കാരിയെ വിവാഹം കഴിച്ച ദിവസം ഞാൻ മരിക്കാൻ ഒരുങ്ങിയതാണ്. എന്നാൽ എൻെറ ചേച്ചിയോട് ചെയ്ത മഹാപരാധത്തിൻെറ ശിക്ഷയായി, എല്ലാം സഹിച്ച് പ്രായശ്ചിത്തം ചെയ്തു കഴിയാമെന്നു കരുതി അതിൽനിന്നു പിൻവാങ്ങി. ഇന്ന് എനിക്ക് അതിനു കഴിയാതെ പോയി. അയാൾ മൂലം ഞാൻ ഗർഭിണിയാണ്!!

ചേച്ചിയെല്ലാം ക്ഷമിക്കണം. മാപ്പു ചോദിക്കാൻ പോലും അർഹതയില്ലാത്ത അനിയത്തി, ശ്യാമള."

രണ്ടു ജീവിതങ്ങളെ നശിപ്പിച്ച അയാളെക്കുറിച്ച് ഓർത്തപ്പോൾ ആ എഴുത്ത് കൈക്കുള്ളിൽ ഇരുന്ന് ഞെരിഞ്ഞമർന്നു. കാറ്റടിച്ചിട്ടുപോലും ഇളകാൻ കൂട്ടാക്കാതെ അമ്പലക്കുളത്തിലെ പായൽ നിശ്ചലമായി നിൽക്കുന്നു, ഒരു ജീവൻ കൂടി ആവാഹിച്ചെടുത്തിതിലുള്ള സംതൃപ്തിയോടെ!!

**Edited by:**
Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@yha.attnet.or.jp

**Published by:**
Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241, Japan
Tel: 045 364 7178 Fax: 045 366 4168
E-Mail: lal@gol.com

# നാട്ടു വിശേഷം

## അന്തരിച്ചു



കാൽ നൂറ്റാണ്ടോളം മലയാള സിനിമാ വേദിയിൽ തിളങ്ങിനിന്ന നടൻ സുകുമാരൻ (48) അന്തരിച്ചു. ഹൃദ്രോഗബാധയെത്തുടർന്ന് ചികിൽസയിലായിരുന്നു അദ്ദേഹം.

## സഹായം

അതിരപ്പിള്ളി ടൂറിസ്റ്റ് കേന്ദ്രത്തിൽ നയാഗ്ര മാതൃകയിലുള്ള ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിനെപ്പറ്റി മുഖ്യമന്ത്രി ഇ. കെ. നായനാരും മന്ത്രി പിണറായി വിജയനും ചർച്ച നടത്തി. പദ്ധതിക്കു കാനഡ സഹായം വാഗ്ദാനം ചെയ്തു.

## നെടുമ്പാശ്ശേരി

നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൻെറ റൺവെയുടെ ഒന്നാം ഘട്ടത്തിൻെറ (2000 മീറ്റർ) ടാറിംഗ് പൂർത്തിയായി. രണ്ടാം ഘട്ടത്തിൻെറ (1700 മീറ്റർ) പണി 90 ദിവസം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് കാലവർഷത്തിനു ശേഷം ആരംഭിക്കും. 1998 ജനുവരിയിൽ ട്രയൽ റൺ നടക്കും. റൺവേയോടൊപ്പം തന്നെ പൂർത്തിയാക്കത്തക്ക വിധത്തിലാണ് ടെർമിനൽ കെട്ടിടങ്ങളുടെ നിർമാണം നടക്കുന്നത്. അടുത്ത കൊല്ലം ജൂൺ മാസത്തിൽ യാത്രാവിമാനങ്ങൾ നെടുമ്പാശ്ശേരിയിൽ നിന്നും ആരംഭിക്കും